**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 224** | **24-02-2026 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ അരിവാൾ രോഗം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എം. വിൻസെന്റ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ അരിവാൾ രോഗം പിടിപെടുന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്ത് പ്രധാനമായും വയനാട്, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പട്ടികവർഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രക്ത കോശ രോഗമാണ് സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ കോശ രോഗം. ഈ ജനിതക രോഗത്തിന് ഫലപ്രദമായ ചികിത്സ ഇനിയും കണ്ടുപിടിച്ചിട്ടില്ല. 8 ജില്ലകളിലായി ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാരിൽ നിന്നും ലഭ്യമായ വിവരപ്രകാരം നിലവിൽ 930 സിക്കിൾസെൽ അനീമിയ രോഗികളാണുള്ളത്. ഇക്കാര്യം വകുപ്പ് ഗൗരവമായി പരിഗണിക്കുന്നുണ്ട്. ആയതിനാൽ തന്നെ പ്രസ്തുത രോഗത്തിന്റെ വ്യാപനം തടയുന്നതിലേക്കാവശ്യമായ നിരവധി പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പുമായി ചേർന്ന് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.** |
| (ബി) | അരിവാൾ രോഗം ബാധിച്ച് മലപ്പുറത്ത് ആദിവാസി ബാലൻ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ഉണ്ട്. നിലമ്പൂർ ഐ.ടി.ഡി.പി ഓഫീസിന്റെ പരിധിയിലുള്ള ചാലിയാർ പഞ്ചായത്തിലെ അമ്പുമല ഉന്നതിയിലെ ശ്രീ. രാജു എന്നയാളുടെ മകനും സിക്കിൾ സെൽ അനീമിയ രോഗബാധിതനുമായ ഗോപി (18 വയസ്) എന്നയാളെ പനി, മഞ്ഞപ്പിത്തം, ഛർദി എന്നിവ മൂലം ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും അണുബാധ, മഞ്ഞപ്പിത്തം എന്നിവ അധികരിച്ചതിനാൽ 04/01/2026-ന് മരണപ്പെടുകയുമാണ് ഉണ്ടായത്. മഞ്ഞപ്പിത്തവും അനീമിയയുമാണ് മരണകാരണം എന്നാണ് മെഡിക്കൽ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നത്.** |
| (സി) | സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ അരിവാൾ രോഗം തടയുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (സി) | **പട്ടികവർഗ്ഗ മേഖലകളിൽ അരിവാൾ രോഗം തടയുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. ആയവ ചുവടെ ചേർക്കുന്നു.** |

| | | | |
|---|---|---|---|
| | | | **COC (CENTRE OF COMPETENCE)**<br>**സിക്കിൾസെൽ അനീമിയ രോഗനിർണയം**<br>**ജനറ്റിക് കൗൺസിലിങ്**<br>**മെഡിക്കൽ ക്യാമ്പുകൾ**<br>**പരിശീലന പരിപാടികൾ** |

സെക്ഷൻ ഓഫീസർ